# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/632/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/07/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/632/2022 തീയ്യതി: 29/07/2022

## കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഗോപാലകൃഷ്ണ നായിക്.പി | ഡെപ്യൂട്ടി ഡയറക്ടർ ഇൻചാർജ്ജ് | 02-07-2022 | 12-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-07-2022 | 12-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോത് കുമാർ. സി, ഓഡിറ്റ് ഓഫീസർ
യാദവകുമാര. സി.എച്ച് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
തോമസ്. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബാബു. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ലിസ്സി.പി.ജെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| മുരളി.എച്ച് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| പ്രമോദ് ബി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 21-06-2020 |

| | | | |
|---|---|---|---|
| കെ.എം.മുജീബ് റഹ്മാൻ | സെക്രട്ടറി | 22-06-2020 | 03-11-2020 |
| സജി.പി.റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-11-2020 | 10-11-2020 |
| ജയൻ.പി | സെക്രട്ടറി | 11-11-2020 | 16-03-2021 |
| രജീഷ് കാരായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്രമോദ്.ബി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 04-08-2020 |
| സജി.പി.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 05-08-2020 | 31-03-2021 |
| സുമിഷ.കെ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 01-04-2020 | 22-06-2020 |
| തുളസീധരൻ.എം.ടി | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 23-06-2020 | 06-07-2020 |
| സനൂപ് ചന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 07-07-2020 | 10-02-2021 |
| സതീശൻ.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 11-02-2021 | 15-02-2021 |
| ഗണേശൻ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 16-02-2021 | 31-03-2021 |
| ജൂലി അലക്സ് | കൃഷി ഓഫീസർ | 01-04-2020 | 30-09-2020 |
| ഹുസൈൻ.പി.പി | കൃഷി ഓഫീസർ | 01-10-2020 | 16-03-2021 |
| സൂരജ്.എൻ | കൃഷി ഓഫീസർ | 17-03-2021 | 31-03-2021 |
| സന്ധ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശങ്കരനാരായണ ഭട്ട്.ബി | പ്രധാനധ്യാപകൻ | 01-04-2020 | 22-06-2020 |
| അഗസ്റ്റിൻ ബർണാഡ് | പ്രധാനധ്യാപകൻ (ഇൻ ചാർജ്ജ്) | 23-06-2020 | 31-03-2021 |
| ഡോ.കെ.ജി.ബിജു | വെറ്റിനറി സർജ്ജൻ | 01-04-2020 | 20-09-2020 |
| ഡോ.അഖിൽ ജോർജ്ജ് | വെറ്റിനറി സർജ്ജൻ | 21-09-2020 | 01-11-2020 |
| ഡോ.ശ്രീജിത്ത് എൻ ഭാസ്കരൻ | വെറ്റിനറി സർജ്ജൻ | 02-11-2020 | 31-03-2021 |
| ഡോ.സുബ്രായ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.ഫാത്തിമ യാസ്മിൻ കെ.എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 11-11-2020 |
| ഡോ.അഞ്ജു.പി.രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 12-11-2020 | 31-03-2021 |
| ഡോ.ലേഖ ഡി.എസ് | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| അനിൽ കുമാർ.എ.ജി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| അനീഷ്.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കുറ്റിക്കോൽ സർക്കിൾ | 01-04-2020 | 31-03-2021 |
| സീനിയ പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബന്തടുക്ക സർക്കിൾ | 01-04-2020 | 08-09-2020 |
| അനീഷ്.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബന്തടുക്ക സർക്കിൾ | 09-09-2020 | 31-03-2021 |
| ജാസ്മിൻ.സി.എ | ഡയറി ഫാം ഇൻസ്ട്രക്ടർ (ഇൻചാർജ്ജ്) | 01-04-2020 | 15-06-2020 |
| ബിനു മോൻ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-06-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-07-2022) | 1-2 |
| 3 | റീകൺസിലേഷൻ -അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-07-2022) | 1-2-1 |
| 4 | ബാലൻസ് ഷീറ്റ് അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 15-07-2022) | 1-2-2 |
| 5 | മറ്റ് അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 22-07-2022) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-07-2022) | 1-3 |
| 7 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 22-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 12-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 12-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Babu M (Senior Grade Auditor, On 12-07-2022)<br>Last Updated By: Babu M (Senior Grade Auditor, On 12-07-2022) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Babu M (Senior Grade Auditor, On 12-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 12-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 22-07-2022) | 1-9 |
| 13 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Babu M (Senior Grade Auditor, On 13-07-2022)<br>Last Updated By: Babu M (Senior Grade Auditor, On 13-07-2022) | 1-10 |
| 14 | ബന്തടുക്ക ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി വാടക 92,875 രൂപ കുടിശ്ശിക<br>Written By: Babu M (Senior Grade Auditor, On 24-07-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-07-2022) | 1-11 |
| 15 | റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 13-07-2022)<br>Last Updated By: Babu M (Senior Grade Auditor, On 13-07-2022) | 1-12 |
| 16 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 12-07-2022)<br>Last Updated By: Yadavakumara. C.H (Asst. Audit Officer, On 12-07-2022) | 1-13 |
| 17 | സ്കൂളുകൾക്ക് പ്രൊജക്ടർ വിതരണം-കെൽട്രോണിൽ നിന്നും തുക തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു.<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-07-2022) | 1-14 |
| 18 | സ്കൂളുകൾക്ക് പത്രവിതരണം -പദ്ധതി ചെലവ് പഞ്ചായത്ത് കണക്കിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 12-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-07-2022) | 1-15 |
| 19 | ശാസ്ത്രിനഗർ കമ്മ്യൂണിറ്റി ഹാൾ - പദ്ധതി യാഥാർത്ഥ്യമാക്കണം.<br>Written By: Vinoth Kumar C (Audit Officer, On 14-07-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: M.N.Radhakrishnan (Senior Deputy Director, On 27-07-2022) | |
| 20 | പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായ ജീവനക്കാരന് സ്റ്റാറ്റ്യൂട്ടറി പെൻഷനായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കി.<br>Written By: Vinoth Kumar C (Audit Officer, On 14-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 28-07-2022) | 1-17 |
| 21 | അങ്കണവാടികളിൽ കുടിവെള്ളം-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.<br>Written By: Vinoth Kumar C (Audit Officer, On 14-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 15-07-2022) | 1-18 |
| 22 | തരിശുനില കൃഷി - പൊതു അപാകതകൾ<br>Written By: Jenu Kuriakkose (Asst. Audit Officer, On 20-07-2022)<br>Last Updated By: Jenu Kuriakkose (Asst. Audit Officer, On 20-07-2022) | 1-19 |
| 23 | ആശ്രയ പദ്ധതി - പദ്ധതി വിഹിതത്തിലെ നീക്കിയിരിപ്പ്<br>Written By: Jenu Kuriakkose (Asst. Audit Officer, On 20-07-2022)<br>Last Updated By: Jenu Kuriakkose (Asst. Audit Officer, On 20-07-2022) | 1-20 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | അങ്കണവാടികളിൽ കുടിവെള്ളം-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.<br>Written By: Vinoth Kumar C (Audit Officer, On 14-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 15-07-2022) | 3-1 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 11-07-2022)<br>Last Updated By: Priyesh M.K (Computer Assistant, On 28-07-2022) | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 18.03.2020 | ധനകാര്യ സ്റ്റാ.കമ്മിറ്റി 15.2.2021 ലെ 3/1 നം തീരുമാനം |
| മുന്നിരിപ്പ് | 37506751 | 26998942 |
| വരവ് | 187164000 | 260494561 |
| ആകെ | 224670751 | 287493503 |
| ചെലവ് | 201896500 | 274962439 |
| നീക്കിയിരിപ്പ് | 22774251 | 12531064 |

.

### 1-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 റീകൺസിലേഷൻ -അപാകതകൾ

1) ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് സഹകരണ ബാങ്ക് അക്കൗണ്ടിലെ (അക്കൗണ്ട് നം.2774) റീകൺസിലേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് ആയി രേഖപ്പെടുത്തിയ തുക 12267351 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12264760 രൂപയെന്നാണ്. വ്യത്യാസം 2591 രൂപ പരിശോധിക്കുക.

2) എസ്.ബി.ഐ പൈക്ക ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പരിശോധിക്കുക .ബാങ്ക് പാസ്ബുക്ക് പ്രകാരം 473293 രൂപയാണ് നീക്കിയിരിപ്പ് . എന്നാൽ വാർഷിക കണക്കിൽ 459002 രൂപയാണ് നീക്കിയിരിപ്പ് .മുൻവർഷം ലഭിച്ച പലിശ 14291 രൂപ വരവിൽ എടുത്തിട്ടില്ല.

### 1-2-2 ബാലൻസ് ഷീറ്റ് അപാകതകൾ

1)KURDFC വായ്പ ബാലൻസ് തുകയിനത്തിൽ ബാലൻസ് ഷീറ്റിലെ ബി5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും(2,53,30,191), ബി16 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും (2,52,10,191/-) പൊരുത്തപ്പെടുന്നില്ല.

2) ബാലൻസ് ഷീറ്റിലെ ബി12 പ്രകാരമുള്ള തുകയും (17743755) , ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള 31.3.2021 ലെ സ്ഥിര നിക്ഷേപ തുകയുടെ കണക്കും (17946973) തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2019-20 വർഷം സ്ഥിര നിക്ഷേപത്തിന് ലഭിച്ച 203218 രൂപ വാർഷിക കണക്കിൽ വരവിലെടുത്തിട്ടില്ല.

3) ബാലൻസ് ഷീറ്റിൽ ഹെഡ്ഡ് 320300199 ൽ 2020-21 വർഷം വരവായി കാണിച്ചിട്ടുള്ള 2650000 രൂപ ഏതിനത്തിലുള്ള തുകയാണെന്ന് വിശദമാക്കേണ്ടതാണ്.

4) ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ 31.3.2021 രേഖപ്പെടുത്തിയിട്ടുള്ള 4,57,221/- രൂപയുടെ കൃത്യത പരിശോധിക്കുക. പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുക

5) 31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320100181- TSC എന്ന ഹെഡിൽ 57,20,120/- രൂപ നീക്കിയിരിപ്പുണ്ട്. ഒ.ഡി.എഫ്. ഇനത്തിൽ വിനിയോഗിച്ച തുക തനത് ഫണ്ടിലേയ്ക്ക് റീ ക്ലപ്പ് ചെയ്യുവാനുള്ള തുകയാണെന്ന് ബന്ധപ്പെട്ടവർ സൂചിപ്പിക്കുകയുണ്ടായി . ഇതിന്റെ കൃത്യത വിശദമായി പരിശോധിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുക.

6) 31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320100152- Grants-other Central Govt Grants എന്ന ഹെഡിൽ 2,00,000/- രൂപ നീക്കിയിരിപ്പുണ്ട്. ബഡ്സ് സ്കൂൾ സംബന്ധിച്ച് ലഭിച്ച പ്രസ്തുത തുക വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

7) ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ ബാധ്യതയിൽ ഉൾപ്പെടുത്തിയിരിക്കുന്ന (ഹെഡ് 350400501 ) 4,55,915/- രൂപയുടെ കൃത്യത പരിശോധിക്കുക. ലെഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരം ഇ.എം.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട 2010-11 സാമ്പത്തിക വർഷത്തെ തുകയാണിത്. തുകയുടെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്ക് ഒടുക്കേണ്ട തുകയാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുക.

### 1-2-3 മറ്റ് അപാകതകൾ

1) സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration ), സാംഖ്യ ( ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

2) ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ് മെന്റ് - പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും " Amount Payble To Other Creditors" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേഷമുള്ള തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ് പെൻഡിച്ചർ പത്രികയിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. 01.04.2020 മുതൽ ILGMS നിലവിൽ വന്ന തീയതിവരെയുള്ള ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

3)തൻ വർഷം വിവിധ വർക്കുകൾക്കായി അഡ്വാൻസ് ഇനത്തിൽ 1,07,335/-രൂപ കെ.എസ്.ഇ.ബിയ്ക്കും, 10,00,000രൂപ കേരള PWD-യ്ക്കും, നൽകിട്ടുണ്ടെങ്കിലും RP-49 ൽ ബന്ധപ്പെട്ട ഹെഡിൽ ( 460500202, 460500201) അക്കൗണ്ട് ചെയ്തിട്ടില്ല. അതിനാൽ ബാലൻസ് ഷീറ്റിൽ ബി-18 ലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

4) തൊഴിൽ നികുതി , ലൈസൻസ് ഫീസ്, വാടക എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളുടെ സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി കുടിശ്ശിക 10.43 ലക്ഷം രൂപയാണ് . 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ വരവ് 7.59 ലക്ഷം രൂപയാണ്. ഇതു പ്രകാരം കുടിശ്ശികയിനത്തിൽ 2.84 ലക്ഷം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഈ തുക ഉൾപ്പെടുത്തിക്കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതും, ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

5) അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല .

6) അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ.

7) വാർഷിക ധനകാര്യ പത്രികയിൽ 160100744 എന്ന ഹെഡ്ഡിൽ വരവിലെടുത്തിട്ടുള്ള 1,50,000/- രൂപയുടെ വിശദവിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

8) പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രിക സമർപ്പിക്കേണ്ടത് മെയ് 15-ാം തിയതിക്കുള്ളിലും, ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രകാരം ജൂലൈ 31-ാം തിയതിക്കുള്ളിലും ആയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചത് 2.9.2021 ൽ ആണ്. ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല.

9) ശാസ്ത്രിനഗർ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പദ്ധതിയ്ക്ക് 1,76,657/- രൂപയും, അങ്കണവാടി കുടിവെള്ള സൗകര്യം ഒരുക്കൽ പദ്ധതിയ്ക്കായി 2,04,757/- രൂപയും പാർട്ട് ബില്ലുകളായി നൽകിയിട്ടുണ്ട്. ഇവ ബാലൻസ് ഷീറ്റിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രൊഗ്രസിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) 2020-21 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ പ്രൊജക്ട് നം 220/20-21 പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 77,000/- രൂപ (ട്രഷറി ബിൽ.നം.06/20/04/2020) നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലോ , സുലേഖ ചെലവ് പത്രികയിലോ ഉൾപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 41364100 |
| വരവ് | 97865433 |
| ആകെ | 139229533 |
| ചെലവ് | 120180763 |

| | |
|---|---|
| നീക്കിയിരിപ്പ് | 19048770 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

ഗ്രാന്റ് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19934440 | 19934440 | 19250306 | 684134 | 96.56 |
| വികസനഫണ്ട് എസ്.സി.പി. | 0 | 398000 | 398000 | 210484 | 187516 | 52.88 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12387000 | 12387000 | 11205640 | 1181360 | 90.46 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13585000 | 13585000 | 13585000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5268000 | 5268000 | 4761045 | 506955 | 90.37 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11328548 | 11328548 | 8807602 | 2520946 | 77.74 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 7150000 | 7150000 | 0 | 7150000 | 0 |
| ആകെ | 0 | 70050988 | 70050988 | 57820077 | 12230911 | 82.53 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹2235518/- (ജനറൽ) ,₹892432/-(ടി.എസ്.പി) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് 220/21 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ വികസന ഫണ്ടിൽ നിന്നും ചെലവ് ചെയ്ത 77,000 രൂപ പഞ്ചായത്ത് കണക്കിലോ , സുലേഖാ ചെലവ് പത്രികയലോ ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത തുക കൂടി വികസന ഫണ്ട് ജനറൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. )

ഗ്രാന്റ് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16937788 | 16937788 | 16937788 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 210484 | 210484 | 210484 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10313208 | 10313208 | 10313208 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13585000 | 13585000 | 13585000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4707763 | 4707763 | 4707763 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8807602 | 8807602 | 8807602 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 3120 | 3120 | 3120 | 0 |
| വിവാഹധനസഹായം | 0 | 150000 | 150000 | 150000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 157000 | 157000 | 157000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 5644 | 3330000 | 3335644 | 3330000 | 5644 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 100044 | 1059675 | 1159419 | 1059375 | 100044 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 0 | 1453705 | 1453705 | 1426350 | 27335 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1879594 | 1244194 | 3123788 | 946863 | 2176925 |
| പൈക്ക | 460637 | 12656 | 473293 | 0 | 473293 |
| ടോട്ടൽ സാനിറ്റേഷൻ | 5720120 | 0 | 5720120 | 0 | 5720120 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ബഡ്സ് സ്കൂൾ | 200000 | 0 | 200000 | 0 | 200000 |
| ലൈഫ് വായ്പ | 0 | 3580000 | 3580000 | 3580000 | 0 |
| ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം | 0 | 7918325 | 7918325 | 7918325 | 0 |
| ശുചിത്വ മിഷൻ | 1631603 | 2211020 | 3842623 | 1467655 | 2374968 |
| സാക്ഷരത | 15950 | 482 | 16432 | 0 | 16432 |
| കെ.എസ്.എഫ്.ഇ വിദ്യാഭ്യാസ സഹായം | 0 | 640000 | 640000 | 640000 | 0 |
| മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 5207499 | 2650000 | 7857499 | 4365710 | 3491789 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 12791795/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മാത്രമുള്ള ചെലവ് കണക്കാക്കുവാൻ സാധിച്ചിട്ടില്ല.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 81303804/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 68103900/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത തുക മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) എസ്.ബി.ഐ പൈക്ക അക്കൗണ്ടിലെ നീക്കിയിരിപ്പായി ചേർത്തിട്ടുള്ള തുകയിൽ മുൻവർഷം ലഭിച്ച പലിശ 14291 രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത വരവ് വാർഷിക കണക്കിൽ ചേർത്തിരുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 244 | 139953389 | 176 | 86124968 | - | 68 | 72.13 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 22 | 9445487 | 15 | 5956088 | 63.05 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 5479063 | 4 | 4193602 | 76.53 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 135 | 59745682 | 102 | 36879674 | 61.72 |
| 4 | കൃഷി ഓഫീസർ | 13 | 4897500 | 12 | 4173529 | 85.21 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 41639809 | 19 | 20855179 | 50.08 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 7453615 | 9 | 6450969 | 86.54 |
| 7 | വെറ്റനറി സർജ്ജൻ | 5 | 1875000 | 2 | 826000 | 44.05 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 850000 | 1 | 800000 | 94.11 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 2 | 1164645 | 2 | 1107489 | 95.09 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 550000 | 3 | 500000 | 90.90 |
| 11 | പ്രധാനാധ്യാപകൻ | 12 | 7453615 | 9 | 6450969 | 86.54 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 4266476 | 2 | 3916476 | 91.79 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 615000 | 1 | 127438 | 20.78 |
| | ആകെ | 244 | 139953389 | 176 | 86124968 | 61.53 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 14,53,705 | 14,53,705 | 14,26,350 | 27,355 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പടെ) | 0 | 8,13,03,804 | 8,13,03,804 | 8,13,03,804 | 0 |
| ആകെ | 0 | 8,27,57,509 | 8,27,57,509 | 8,27,30,154 | 27,355 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 1700 പദ്ധതികളുൾപ്പെടുന്ന 22.82കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 213പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,88,179 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 883- കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3120 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 3814500 | 201 |
| വിധവാപെൻഷൻ | 21439400 | 1120 |
| വാർദ്ധക്യകാലപെൻഷൻ | 34491200 | 1800 |
| വികലാംഗപെൻഷൻ | 7425300 | 381 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 933500 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05/07/2022 തീയ്യതിയിൽ 3 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യാഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തകയുണ്ടായി. ക്യാഷ് ബാലൻസായ 7,669/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം

സാധ്യമാക്കിയിട്ടില്ല.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. സഞ്ചയ പോലുള്ള പോലുള്ള സോഫ്റ്റ് വെയറുകൾ ഐ.എൽ.ജി.എം.എസ് സംവിധാനവുമായി ലിങ്ക് ചെയ്തിട്ടില്ല.

3) ഓഫീസ് മീറ്റീങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2020-21 വർഷം 22/06/2020, 08/08/2020, 16/07/2020, 12/11/2020, 30/12/2020, 11/01/2021, 03/02/2021, 10/02/2021, 26/02/2021 എന്നീ തിയതികളിൽ ഓഫീസ് മീറ്റീങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

4) ഭരണ സംവിധാനം

ഓഡിറ്റ് വർഷം ഭരണ സമിതി 29 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം , പൊതുമരാമത്ത് , ആരോഗ്യ വിദ്യാഭ്യസം , ധനകാര്യം , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

5) ഓഡിററ് മോണിറ്ററിംഗ് സമിതി മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷം 17/08/2020, ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

6) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

7) പദ്ധതിപ്രവർത്തനങ്ങളിൽ മോണിറ്ററിംഗിന്റെ അഭാവം ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിവിധ പദ്ധതികൾക്കായി തുക വിനിയോഗിക്കപെടുന്നുണ്ടെങ്കിലും പദ്ധതികൾ ഫലവത്തായി നടന്നിട്ടുണ്ടോ എന്നത് കൃത്യമായി പരിശോധിക്കപ്പെടുന്നില്ല. മോണിറ്ററിംഗ് സമതികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി , കേരള ജല അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൈമാറുന്ന തുകകൾ സമയബന്ധിതമായും, ഫലപ്രദമായും വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും, ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8) സാമ്പത്തിക പത്രികകൾ തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിൽ നിഷ്കർഷിച്ച സമയപരിധി പാലിച്ചിട്ടില്ല.

9) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

10) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല.1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1 (ക്രമ നം 149 ) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന താഴെ ചേർത്തിരിക്കുന്ന റേഷൻ കടകൾ നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല.

| ക്രമനമ്പർ | റേഷൻ കട ഉടമയുടെ പേര് | ARD NO |
|---|---|---|

| | | |
|---|---|---|
| 1 | തോമസ്.പി.ടി | ARD NO 2468119 കരിവേടകം |
| 2 | രാധാകൃഷ്ണൻ | ARD NO246899 പട്ടപ്പ് |
| 3 | മുഹമ്മദ് കുഞ്ഞി | ARD NO246898 ബന്തടുക്ക |
| 4 | നീലകണ്ഠൻ നായർ | ARD NO2468157 മാണിമൂല |
| 5 | സില്ലി | ARD NO2468153 വീട്ടിയാടി |
| 6 | മനോഹരൻ | ARD NO2468178 പുളുവിഞ്ചി |
| 7 | മുഹമ്മദ് കുഞ്ഞി | ARD NO2468101 കുറ്റിക്കോൽ |
| 8 | വിനോദ് | ARD NO2468167 ബേത്തൂർപാറ |

റേഷൻ കടകൾക്ക് FTE & OS ലൈസൻസ് എടുപ്പിക്കാനുള്ള ഉടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 ബന്തടുക്ക ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി വാടക 92,875 രൂപ കുടിശ്ശിക

2020-21 സാമ്പത്തിക വർഷത്തിൽ ,ബന്തടുക്ക ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വിവിധ വ്യക്തികൾ ലേലം കൊണ്ടിട്ടുണ്ട് . വാർഡ് V ലെ 5-ാം നമ്പർ മുറിയുടെ പ്രതിമാസ വാടക 3340 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത് . 2020-21 സാമ്പത്തിക വർഷത്തിലേക്കാണ് മുറി വാടകയ്ക്ക് എടുത്തിട്ടുള്ളത് . പഞ്ചായത്ത് ഭരണ സമിതിയുടെ 22.10.2020 ലെ 14/1 തീരുമാന പ്രകാരം വാടക കുടിശ്ശിക തീർക്കുന്ന മുറയ്ക്ക് 4 മാസത്തെ വാടക കോവിഡിന്റെ പശ്ചാത്തലത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട് . 5-ാം നമ്പർ മുറിയുടെ 2020-21 വർഷത്തെ വാടക കുടിശ്ശിക (ഇളവില്ലാതെ) 40,080 (3340X12=40,080) രൂപയാണ്. രജിസ്റ്റർ പ്രകാരം മുൻ (2019-20) സാമ്പത്തിക വർഷത്തെ വാടക കുടിശ്ശിക 52,795 രൂപയാണ്. അതിനാൽ വാടക കുടിശ്ശിക തുകയായ 92,875 (52,795+40,080=92,875) രൂപയും പിശ പലിശയും പിരിച്ചെടുക്കേണ്ടതാണ് .

1-12 റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (I)വകുപ്പ് പ്രകാരം , ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥാപനത്തിൻെറയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.എന്നാൽ താഴെ ചേർത്തിരിക്കുന്ന റേഷൻ കടകളുടെയും സ്ഥാപനത്തിലെ ജീവനക്കാരുടേയും തൊഴിൽ നികുതി ഒന്നും രണ്ടും അർദ്ധ വർഷം ഈടാക്കിയിട്ടില്ല . വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | റേഷൻ കട ഉടമയുടെ പേര് | ARD NO |
|---|---|---|
| 1 | തോമസ്.പി.ടി | ARD NO 2468119 കരിവേടകം |
| 2 | രാധാകൃഷ്ണൻ | ARD NO246899പട്ടപ്പ് |
| 3 | മുഹമ്മദ് കുഞ്ഞി | ARD NO246898 ബന്തടുക്ക |
| 4 | നീലകണ്ഠൻ നായർ | ARD NO2468157മാണിമൂല |
| 5 | സില്ലി | ARD NO2468153വീട്ടിയാടി |

| | | |
|---|---|---|
| 6 | മനോഹരൻ | ARD NO2468178 പുളുവിഞ്ചി |
| 7 | മുഹമ്മദ് കുഞ്ഞി | ARD NO2468101 കുറ്റിക്കോൽ |
| 8 | വിനോദ് | ARD NO2468167 ബേത്തൂർപാറ |

തൊഴിൽ നികുതി ഈടാക്കി വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

1-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.6/11.07.2022)

| പ്രൊജക്ട് നം | തുക | ബിൽ.നം/ചലാൻ നം/ചെക്ക് നം. തിയതി | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|
| 339/21 മലാംകുണ്ട്, തുമ്പോടി റോഡിലെ പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബിയിൽ തുക നിക്ഷേപിച്ചത് | 1,07,335/- | ചെക്ക് നം. 5290569/24.3.2021 | കെ.എസ്.ഇ.ബി ബളാന്തോട് സെക്ഷൻ |
| 293/21 – ആർദ്രം പദ്ധതി ബന്തടുക്ക പി.എച്ച്.സി കെട്ടിട നിർമ്മാണം വിഹിതം നൽകൽ | 10,00,000/- | ചലാൻ നം.20870/23.09.2020 (ചെക്ക് നം.5290535 തി.14.09.2020) | പൊതു മരാമത്ത് ബിൽഡിംഗ് സെക്ഷൻ കാസറഗോഡ് |

1-14 സ്കൂളുകൾക്ക് പ്രൊജക്ടർ വിതരണം-കെൽട്രോണിൽ നിന്നും തുക തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു.

2020-21 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ പ്രൊജക്ട് നം 218/20-21 പ്രകാരം ഗ്രാമ പഞ്ചായത്തിലെ എൽ.പി സ്കൂളുകളിൽ പ്രൊജക്ടറും അനുബന്ധ സാമഗ്രികളും വിതരണം ചെയ്യുന്നതിനായി ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും 90030/- രൂപ (ട്രഷറി ബിൽ.നം.00217169/11/04/2020) കെൽട്രോണിന് നൽകിയിട്ടുണ്ട്. (പ്രൊഫോമ ഇൻവോയ്സ് നം.TVM/ITBG/PI/SB/284/19-20 Dt.29.11.2019). പദ്ധതിപ്രകാരമുള്ള ഉപകരണങ്ങൾ ഇൻവോയ്സ് നം. ITP/09964/20-21 Dt.16.02.2021 പ്രകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ 90030/- രൂപ കെൽട്രോണിന് നൽകിയെങ്കിലും ഇൻവോയ്സ് പ്രകാരം ലഭ്യമായ സാധനങ്ങളുടെ ആകെ വില 83,517/- രൂപയാണ്. കെൽട്രോണിൽ നിന്നും ലഭ്യമാകുവാൻ അവശേഷിക്കുന്ന 6,513/- രൂപ (90030-83517) തിരികെ ലഭ്യമാക്കി സഞ്ചിത നിധിയിൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.4/11.07.2022)

1-15 സ്കൂളുകൾക്ക് പത്രവിതരണം -പദ്ധതി ചെലവ് പഞ്ചായത്ത് കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2020-21 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ പ്രൊജക്ട് നം 220/20-21 പ്രകാരം (സ്കൂളുകൾക്കും വായന ശാലകൾക്കും പത്രം,& സ്കൂളുകൾക്ക് ബാല മാസിക) വികസന ഫണ്ടിൽ (ജനറൽ) നിന്നും 77,000/- രൂപ (ട്രഷറി ബിൽ.നം.06/20/04/2020) നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ ദേശാഭിമാനി കണ്ണൂരിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലോ , സുലേഖ ചെലവ് പത്രികയിലോ ഉൾപ്പെട്ടിട്ടില്ല. ഗ്രാമ പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്താതെ വികസന ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യുവാനുണ്ടായ സാഹചര്യം പരിശോധിച്ച് ആയതിനുള്ള കാരണം വിശദമാക്കേണ്ടതാണ്. പ്രസ്തുത ചെലവ് പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തുവാൻ സാധിക്കുമോ എന്നുള്ള കാര്യം ഐ.കെ.എം നോട് ആരാഞ്ഞ് , അപാകത പരിഹരിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ശാസ്ത്രിനഗർ കമ്മ്യൂണിറ്റി ഹാൾ - പദ്ധതി യാഥാർത്ഥ്യമാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2019-2020 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ശാസ്ത്രിനഗർ എന്ന സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ

നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കായി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 10 ലക്ഷം രൂപ അടങ്കലുള്ള എസ്റ്റിമേറ്റ് (EST No 2019/123679) തയ്യാറാക്കി ആയതിന് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി (TS No 97222/2019-2020) നൽകിയിട്ടുണ്ട്. ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയ്ക്കായി കരാറുകാരനായ അനസ്.ഇ.എ സമർപ്പിച്ച ടെണ്ടർ (7,25,908/-രൂപ) ഭരണസമിതി അംഗീകരിച്ചു (തീരുമാനം നം 3/3(1)/20 തീയതി 14.01.2020). തുടർന്ന് കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും പദ്ധതി നിർവ്വഹണം സമ്പന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട് (65/AE/LSGD/KKL/19-20 Dated 27.02.2020).

പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 298/2019-20 പ്രകാരം 17.02.2021 ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തിക്കായി കരാറുകാരന് പാർട്ട് ബിൽ (BRN No 20200952003301439978/30.03.2021 -ബിൽ തുക ₹ 1,76,657/-) പ്രകാരം 1,70,205/-രൂപ നൽകിയിട്ടുണ്ട്. അളവ് പുസ്തകം പ്രകാരം 25.03.2021നാണ് അവസാനമായി അളവുകൾ രേഖപ്പെടുത്തിയത്. പാർട്ട് ബിൽ അനുവദിച്ചതിനുശേഷം പ്രവൃത്തിയൊന്നും തന്നെ നടന്നിട്ടില്ല. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനുള്ള ഭൂമി ഗ്രാമ പഞ്ചായത്തിന് രജിസ്റ്റർ ചെയ്തു നൽകുന്നതിലുള്ള കാലതാമസമാണ് പ്രവൃത്തി തടസ്സപ്പെട്ടതിനുള്ള കാരണമായി നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചത്.

കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി മാനടുക്കം ശാസ്ത്രി നഗർ കോളനിയിൽ എലുമ്പൻ (മരണപ്പെട്ടു) എന്നവരുടെ പേരിലുള്ള 3 സെന്റ് ഭൂമി കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന് വിട്ടുനൽകാൻ അവകാശികളായ ശാന്ത, ശ്യാമള, ഓമന എന്നിവർ 18.01.2021ന് രേഖാമൂലം ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 07.04.2022ന് സ്ഥലം ഗ്രാമ പഞ്ചായത്തിന് രജിസ്റ്റർ ചെയ്തു നൽകിയിട്ടുമുണ്ട്. ആയതിനാൽ പദ്ധതി എത്രയും വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായ ജീവനക്കാരന് സ്റ്റാറ്റ്യൂട്ടറി പെൻഷനായുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കി.

ശ്രീ. അഖിൽ ടോമി, സൂപ്പർ ന്യൂമററി തസ്തികയിൽ 27.02.2012 ന് കാസറഗോഡ് ഡിസ്ട്രിക്ട് പോലീസ് ഓഫീസിൽ ക്ലാർക്കായി നിയമിതനായി. തുടർന്ന് ഇദ്ദേഹത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡിന്റെ ഉത്തരവ് നം DDP-KSD 7091/2018-SC5 തീയതി 26.02.2020 പ്രകാരം പഞ്ചായത്ത് വകുപ്പിലേക്ക് റീ-ഡിപ്ലോയ്മെന്റ് ചെയ്യുകയും 03.03.2020 ന് കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽ ക്ലാർക്കായി സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പോലീസ് വകുപ്പിൽ ഇദ്ദേഹത്തിന്റെ നിയമനം റഗുലറൈസ് ചെയ്തിട്ടില്ല. പഞ്ചായത്ത് വകുപ്പിൽ നിയമിതനായതിനു ശേഷം സൂപ്പർ ന്യൂമററി തസ്തികയിലുള്ള ഇദ്ദേഹത്തിന്റെ നിയമനം 24.06.2019 ന് റഗുലറൈസ് ചെയ്തിട്ടുണ്ട് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡിന്റെ ഉത്തരവ് നം DDP-KSD 7091/2018-SC5 തീയതി 06.07.2022 പ്രകാരം). ഗ്രാമ പഞ്ചായത്തിൽ നിയമിതനായ തീയതി മുതൽ ഇദ്ദേഹത്തിന്റെ പ്രതിമാസ വേതനത്തിന്റെ 15% തുക പെൻഷൻ കോണ്ട്രിബ്യൂഷനായി ഒടുക്കുന്നുണ്ട്. സർക്കാർ ഉത്തരവ് (അച്ചടി) നം.84/2019/ധന തീയതി 12.07.2019 പ്രകരം ഒരു ജീവനക്കാരൻ സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ റഗുലർ തസ്തികയിൽ നിയമിക്കപ്പെടുന്ന സമയത്ത് മാത്രമേ ഏതെങ്കിലും പെൻഷൻ പദ്ധതിക്ക് അർഹതവരികയുള്ളൂ വെന്നും 01.04.2013ന് മുൻപ് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായി 01.04.2013 ന് ശേഷം സർവ്വീസ് റഗുലറൈസ് ചെയ്യപ്പെടുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാവുകയെന്നും വ്യക്തമാക്കുന്നുണ്ട്. ശ്രീ. അഖിൽ ടോമിയുടെ സൂപ്പർ ന്യൂമററി തസ്തികയിലെ നിയമനം 24.06.2019 ന് റഗുലറൈസ് ചെയ്തതിനാൽ സർക്കാർ ഉത്തരവ് (അച്ചടി) നം.84/2019/ധന തീയതി 12.07.2019 പ്രകരം ഇദ്ദേഹത്തിന് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകം. എന്നാൽ ഗ്രാമ പഞ്ചായത്ത് 03.03.2020 മുതൽ ഇദ്ദേഹത്തിന്റെ പ്രതിമാസ വേതനത്തിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി ഒടുക്കുന്നുണ്ട്. ആയതിനാൽ ശ്രീ. അഖിൽ ടോമിയുടെ പങ്കാളിത്ത പെൻഷൻ പദ്ധതി സമ്പന്ധിച്ച് സർക്കാർ ഉത്തരവ് (അച്ചടി) നം.84/2019/ധന തീയതി 12.07.2019-ലെ പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇദ്ദേഹത്തിന്റെ പെൻഷൻ കോൺട്രിബ്യൂഷനായി (പ്രതിമാസ വേതനത്തിന്റെ 15% തുക) നാളിതുവരെ ഒടുക്കിയ തുക കണക്കാക്കി ആയത് തിരികെ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 അങ്കണവാടികളിൽ കുടിവെള്ളം-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം

പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. അങ്കണവാടികളിൽ കുടിവെള്ളം എന്ന പ്രവൃത്തിയിൽ സ്ഥാപനം നൽകിയ ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 18,525/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. നഷ്ടം സമ്പന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക3-1 ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.7 തീ: 12.07.2022).

1-19 തരിശുനില കൃഷി - പൊതു അപാകതകൾ

2019-20 വർഷത്തിൽ പഞ്ചായത്തിൽ തരിശുനിലങ്ങളിലെ കൃഷിയുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ - തരിശുനില പയർകൃഷി (288/21), തരിശുനില വാഴകൃഷി (296/21), തരിശുനില നെൽകൃഷി (286/21), തരിശുനില പച്ചക്കറികൃഷി (287/21) , തരിശുനില കിഴങ്ങ് കൃഷി(289/21) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിർവഹണത്തിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൃഷി നടത്തിയ സ്ഥലം കൃഷിയോഗ്യമായ തരിശ് നിലമാണെന്നും,കൃഷിക്ക് അനുയോജ്യമാണ് എന്നുമുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രമില്ല.

2. വിവിധ ഗ്രൂപ്പുകൾ, പാട്ടത്തിന് സ്ഥലം എടുത്ത് കൃഷി ചെയ്യുന്നതായി സൂചിപ്പിച്ചിട്ടുള്ള ഏതാനും അപേക്ഷകളിൽ, ഒരേ സ്ഥലത്തിന്റെ കരമടച്ച രസീതുകളാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്.

3. പാട്ടത്തിന് കൃഷി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുള്ള വിവിധ അപേക്ഷകളിൽ സ്ഥല ഉടമയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളില്ല.

4. മുകളിൽ സൂചിപ്പിച്ച വിവിധ പദ്ധതികളിൽ ഒരേ ഗുണഭോക്താവിന് ഒരേ സ്ഥലത്തിന്റെ കരമടച്ച രസീത് പ്രകാരം സഹായധനം അനുവദിച്ചിട്ടുണ്ട്. വിവിധ വിളകൾ കൃഷികൾ ഒരേ സ്ഥലത്ത് കൃഷി ചെയ്യുന്ന സംഗതികളിൽ, കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായ അളവിലാണ് സബ്സിഡി അനുവദിക്കേണ്ടത്.

5.മേൽ പദ്ധതികൾ പ്രകാരം സബ്സിഡി അനുവദിച്ച സ്ഥലത്തിന്റെ വിസ്തൃതി കണക്കാക്കുമ്പോൾ, പഞ്ചായത്തിലെ കൃഷി സ്ഥലങ്ങളിൽ, തരിശ് നിലത്തിന്റെ അളവ് കൂടുതലാണെന്ന് കാണാവുന്നതാണ്.

6. തരിശുനിലമായി കണക്കാക്കി സബ്സിഡി അനുവദിക്കുന്ന സ്ഥലങ്ങൾക്ക്, ആ ഒരു വർഷത്തേക്ക് മാത്രമേ തരിശുനിലങ്ങൾക്ക് ബാധകമായ ഉയർന്ന സബ്സിഡിക്ക് അർഹതയുള്ളൂ.എന്നാൽ ഈ വസ്തുത നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല.

7. വിളകളുടെ ഉൽപാദനം,ഗുണനിലവാരം, വർദ്ധവന് എന്നിവ സംബന്ധിച്ച വിലയിരുത്തലുകളോ, അതിനനുസൃതമായി കൃഷി രീതികളിലോ,വളപ്രയോഗത്തിലോ അനുബന്ധമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് അവബോധമോ നിരീക്ഷണമോ നടത്തുന്നില്ല.

1-20 ആശ്രയ പദ്ധതി - പദ്ധതി വിഹിതത്തിലെ നീക്കിയിരിപ്പ്

പഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്ന ആശ്രയ പദ്ധതികൾ, കാലാനുസൃതമായി പരിഷ്കരിച്ച് അഗതി രഹിത കേരളം എന്ന പേരിലാണ് നടപ്പിലാക്കി വരുന്നത്. ആശ്രയ പദ്ധതിയിൽ പ്ലാൻഫണ്ട്, ചലഞ്ച് ഫണ്ട് ,പലിശ ഉടങ്ങിയ ഇനങ്ങളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക, അഗതിരഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റുകയുണ്ടായി (എസ്.ബി.ഐ. കുറ്റിക്കോൽ A/c No: 38630614479). ഈ തുകയിൽ ആശ്രയ പദ്ധതിക്കായി പ്ലാൻഫണ്ട് ഇനത്തിൽ ലഭിച്ച 3,06,000 രൂപയും (ST ഭവനനിർമ്മാണത്തിനായി ലഭിച്ച പഞ്ചായത്ത് വിഹിതം ₹ 2,00,000/-, കുടിവെള്ളത്തിനായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച ₹1,06,000/-) പലിശയും ഉൾപ്പെടുന്നുണ്ട്. ഈ തുക സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ചോ, സമാനമായ പദ്ധതികൾക്ക് വേണ്ടിയോ വിനിയോഗിക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 അങ്കണവാടികളിൽ കുടിവെള്ളം-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. അങ്കണവാടികളിൽ കുടിവെള്ളം എന്ന പ്രവൃത്തിയിൽ സ്ഥാപനം നൽകിയ ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്കു 12% ജി.എസ്.ടി കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 18,525/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><td>പ്രൊജക്റ്റ് നം.</td><td colspan="3">എസ്.ഒ 259/21 (അങ്കണവാടികളിൽ കുടിവെള്ളം)</td></tr>
<tr><td>അടങ്കൽ</td><td colspan="3">5.4 ലക്ഷം രൂപ ( 2,93,858/-ധനകാര്യ കമ്മീഷൻ അവാർഡ് + 2,10,142/-മെയിന്റനൻസ് ഫണ്ട്-റോഡിതരം)</td></tr>
<tr><td>എസ്റ്റിമേറ്റ്</td><td colspan="3">5.4 ലക്ഷം രൂപ (EST NO: 2019/82587)</td></tr>
<tr><td>സാങ്കേതികാനുമതി</td><td colspan="3">₹ 5,46,952/- TS No. 50673/2019-2020<br>(Order No.LSGD/TS/2019-2020/82587 Dated 03.09.2019 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, കാറഡുക്ക).</td></tr>
<tr><td>എം. ബുക്ക് നം.</td><td colspan="3">23/20</td></tr>
<tr><td>ആകെ അളവ് മൂല്യം</td><td colspan="3">₹ 4,49,690/-</td></tr>
<tr><td>കരാറുകാരൻ</td><td colspan="3">അനന്ദൻ.ടി</td></tr>
<tr><td>ക്വാട്ട് ചെയ്ത തുക</td><td colspan="3">₹ 4,50,688/-</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="3">52/AE/LSGD/KKL/19-20 Dated 10.12.2019</td></tr>
<tr><td rowspan="4">കരാറുകാരന് നൽകിയ തുകയുടെ വിവരം</td><td>ബിൽ നം, തീയതി.</td><td>ബിൽ തുക</td><td>കരാറുകാരന് നൽകിയ തുക</td></tr>
<tr><td>20200952003300545549തീ: 23.09.2020</td><td>₹ 2,04,757/-</td><td>₹ 2,04,757/-</td></tr>
<tr><td>21200952003300568304തീ: 27.10.2021</td><td>₹ 2,93,858/-</td><td>₹ 2,75,870/-</td></tr>
<tr><td>ആകെ</td><td>₹ 4,98,615/-</td><td>₹ 4,80,627/-</td></tr>
</table>

ഗ്രാമ പഞ്ചായത്തിലെ അതിയടുക്കം, ശങ്കരമ്പാടി, മാണിമൂല, എണിയാടി, വളവ് എന്നീ അങ്കണവാടികൾക്ക് കുടിവെള്ളസൗകര്യം ഏർപ്പെടുത്തുന്നതിന് പദ്ധതി 2020-2021 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ (EST NO: 2019/82587) ബോർവെൽ, പൈപ്പ് ലൈൻ എന്നിവയ്ക്കായി 3,13,350/-രൂപയും മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുമായി 1,75,000/- രൂപയുമാണ് വകയിരുത്തിയത്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി DSR 2016 (Cost Index 32.04%) അടിസ്ഥാനമാക്കിയാണ് തുക വകയിരുത്തിയത്. മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി Lump Sum Provision രേഖപ്പെടുത്തിയാണ് തുക വകയിരുത്തിയത്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം ബോർവെൽ, പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 2,95,309/- രൂപയുടെ

അളവ് മൂല്യവും മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി (Supplying And Fixing Submersiable Pump Set With Accessories) 1,54,381/- രൂപയും അളവ് മൂല്യവും ചേർത്ത് (ആകെ അളവ് മൂല്യവും 4,49,690/-രൂപ) കരാറുകാരന് ചുവടെ വിവരിക്കും പ്രകാരം 4,80,627/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹ 449690/- |
| (+) 12% GST | ₹ 53,962/- |
| ആകെ | ₹ 5,03,652 /- |
| (-) ഫൈൻ | ₹ 5,037/- |
| ബിൽ തുക | ₹ 4,98,615/- |
| (-) ആദായ നികുതി @ 1% | ₹ 4,497/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 4,497/- |
| (-) CGST @ 1% | ₹ 4,497/- |
| (-) SGST @ 1% | ₹ 4,497/- |
| കരാറുകാരന് നല്കിയ തുക | ₹ 4,80,627/- |

അളവ് പുസ്തകം പ്രകാരം പ്രവൃത്തിയിലെ ഐറ്റം നമ്പർ 5 ആയി മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി 1,75,010/- രൂപയുടെ അളവ് മൂല്യവും രേഖപ്പെടുത്തിയത് Co-Op Buidings Materials,Pallathingal (PO), Munnad എന്ന സ്ഥാപനത്തിൽ നിന്നും Invoice No 8047/24.02.2020 പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിലയാണ്. മേൽ സ്ഥാപനം നൽകിയ ബിൽ പ്രകാരം 1,51,058/- രൂപ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വിലയും 23,952/- രൂപ അവയുടെ ജി.എസ്.ടി-യുമാണ്. മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങിയ സ്ഥാപനത്തിന്റെ ഇൻവോയ്സുകൾ പ്രകാരമുള്ള ആകെ തുകയായ 1,75,010/- രൂപയെ അന്തിമ ബില്ലിൽ 1,54,381/-രൂപയായി പരിമിതപെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചത്. സ്ഥാപനം നൽകിയ ഇൻവോയ്സിൽ ജി.എസ്.ടി. തുക കൂടി ഉൾപ്പെടുന്നതിനാൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ 12% ജി.എസ്.ടി കോമ്പൻസേഷൻ വീണ്ടും നൽകേണ്ടതില്ല. ഈ പ്രവൃത്തി ചെയ്യതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം (₹ 2,95,309/- + ₹ 1,54,381/-) | ₹ 4,49,690/- |
| (+) 12% GST On ₹ 2,95,309/- | ₹ 35,437/- |
| ആകെ | ₹ 4,85,127 /- |
| (-) ഫൈൻ | ₹ 5,037/- |
| ആകെ | ₹ 4,80,090/- |
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 4,80,090/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 4,98,615/- |
| അധികം ചെലവഴിച്ച തുക | ₹ 18,525/- |

പ്രവൃത്തിക്കായി അധിക തുക ചെലവഴിച്ചത് ഓഡിറ്റ് എൻക്വയറി നം.7 തീ: 12.07.2022 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 18,525/- രൂപ പ്രവൃത്തിയുടെ മെമ്മോ ഓഫ് പെയ്മെന്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 02.07.2022 & 04.07.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 340000 | 286/21 – നെൽ കൃഷി കൂലിച്ചെലവ് | 340000 | 0 |
| | 2020-21 | 390000 | 62/21 -ലൈഫ് മിഷൻ പട്ടിക വർഗ്ഗം | 390000 | 0 |
| | 2020-21 | 300000 | 68/21 -ലൈഫ് മിഷൻ പട്ടിക വർഗ്ഗം (സ്പിൽ ഓവർ) | 300000 | 0 |
| | 2020-21 | 1500000 | 217/21 ക്ഷീര കർഷകർക്ക് പാലിന്ഇൻസെന്റീവ് (SO) | 1500000 | 0 |
| | 2020-21 | 800000 | 95/21 ക്ഷീര കർഷകർക്ക് പാലിന്ഇൻസെന്റീവ് | 800000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 400000 | 68/21 -ലൈഫ് മിഷൻ പട്ടിക വർഗ്ഗം (SO) | 400000 | 0 |
| | 2020-21 | 109375 | 286/21 - തരിശ് നില നെൽകൃഷി | 109375 | 0 |
| | 2020-21 | 100000 | 215/20-21 അഗതി ആശ്രയ (എസ്.ടി) | 100000 | 0 |
| | 2020-21 | 100000 | 54/21 പാലിയേറ്റീവ് പരിചരണം | 100000 | 0 |
| | 2020-21 | 100000 | 95/21 ക്ഷീര കർഷകർക്ക് പാലിന്ഇൻസെന്റീവ് | 100000 | 0 |
| | 2020-21 | 250000 | 217/21 ക്ഷീര കർഷകർക്ക് പാലിന്ഇൻസെന്റീവ് (SO) | 250000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രൊ.നം.339/20-21 മലാംകുണ്ട് ‌‌തുമ്പോടി റോഡിലെ വൈദ്യുത തൂണ്‍ മാറ്റൽ | ചെക്ക് നം . 5290569/ 24.3.2021 | 1,07,335 | 0 | 1,07,335 |
| പൊതുമരാമത്ത് കെട്ടിട വിഭാഗം കാസറഗോഡ് | പ്രൊ.നം.293/20-21 -ആർദ്രം പദ്ധതി ബന്തടുക്ക പി.എച്ച്.സി കെട്ടിട നിർമ്മാണം വിഹിതം | ചെക്ക് നം . 5290535/ 14.09.2020 | 10,00,000 | 0 | 10,00,000 |

### 4-4 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്, | ഉത്തരവ്നം, തിയതി | വായ്പാതുക | വർഷാരം ഭത്തിൽ തിരിച്ചടക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/തസ്വഭവ, തിയതി18.05.2018 | 2,85,56,858 | 2,34,32,741 + 35,80,000 (തൻവർഷ വരവ്) =ആകെ 2,70,12,741 | 1682550 | - | 2,53,30,191 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 27,29,331/- |
| തൻവർഷം നിക്ഷേപിച്ചത് | 1,50,00,000/-<br>2,17,642/- |
| ആകെ | 1,79,46,973/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക | 1,79,46,973/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-03-2020)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി (Renewel) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കുറ്റിക്കോൽ അഗ്രിക്കൾച്ചറിസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (No. 1260) | 15.6.2020 | 1 വർഷം | 3,03,344/- | 0 |
| 2 | സംസ്ഥാന സഹകരണബാങ്ക് A/c.No.150211807520021 | 15.6.2020 | 1 വർഷം | 2,23,725/- | 0 |
| 3 | സംസ്ഥാന സഹകരണബാങ്ക് A/c No.150211807520022 | 15.6.2020 | 1 വർഷം | 10,49,246/- | 0 |
| 4 | സംസ്ഥാന സഹകരണബാങ്ക് A/c No.150211807520023 | 15.6.2020 | 1 വർഷം | 6,53,102/- | 0 |
| 5 | സംസ്ഥാന സഹകരണബാങ്ക് A/c No.150211807520024 | 15.6.2020 | 1 വർഷം | 7,17,556/- | 0 |
| 6 | കുറ്റിക്കോൽ സഹകരണബാങ്ക് A/c No.12680 | 25.5.2020 | 1 വർഷം | 1,00,00,000/- | 0 |
| 7 | എസ്.ബി.ഐ A/c No.39346907857 | 25.5.2020 | 1 വർഷം | 50,00,000/- | 0 |
| | ആകെ | | | 1,79,46,973/-* | |

(*വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയ ആകെ സ്ഥിരനിക്ഷേപ തുകയിൽ പൊരുത്തക്കേടുണ്ട്.വാർഷിക ധനകാര്യ പത്രികയിൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപമായി ഉൾപ്പെടുത്തിയ തുക 1,77,43,755/-രൂപയാണ് . പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്ഥിര നിക്ഷേപ രജിസ്റ്റർ പ്രകാരം 31.03.2021 ൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം 1,79,46,973/- രൂപയാണ് . സ്ഥിര നിക്ഷേപങ്ങൾക്ക് 2019-20 വർഷം ലഭിച്ച പലിശ വരവ് 2,03,218/- രൂപ നിക്ഷേപ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിര നിക്ഷേപ കണക്ക് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 61,860/-രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തിയതി |
|---|---|---|---|---|
| 2016-17 | ഖ.3(2) | 61,860/- | അരുൺ കുമാർ.എ.വി, വെറ്റിനറി സർജ്ജൻ | 120010101934 തി.19.9.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനാവലോകന റിപ്പോർട്ട്- വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും | | 2013-14 | 5.5.1 | പ്രവർത്തനാവലോകന റിപ്പോർട്ട്- വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും | തുടരുന്നു |
| 2014-15 | 2-1, 2-2, 2-3, 2-4, 2-5 | 2016-17 | അദ്ധ്യായം 2, അനുബന്ധം-4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 2-3, 2-4, 2-5 | 2016-17 | അദ്ധ്യായം 2, അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാൻ അവശേഷിക്കുന്ന തുക –

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക/ തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക,/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2015-16 | ഖ.3-1 | ടി.ഉഷാ കുമാരി അസി. സെക്രട്ടറി | KSA.546/ Spl.cell/ Csc/ C2/2018 Dt.13.11.19 | 13000 | - | - | - | - | - | 13000 | തുക ഒടുക്കിയിട്ടില്ല . |
| 2 | 2016-17 | ഖ.3-2 | അരുൺ കുമാർ .A.V വെറ്റിനറി സർജ്ജൻ | KSA.5849/ Spl.cell/ Csc/ C2/2018 Dt.28.5.18 | 61860 | ₹61860 Rt.No. 120010101934 തി. 19.9.20 | - | - | -- | 61860 | 0 | തുക ഒടുക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,78,65,433 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹12,01,80,763 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 18,525/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ഇല്ല | ₹ 18,525/- | സുമിഷ.കെ.കെ, അസിസ്റ്റന്റ് |

| | | | എഞ്ചിനിയർ. |
|---|---|---|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |
| ആകെ | /- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുമിഷ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ. | എൽ.ഐ.ഡി & ഇ.ഡബ്ല്യു സെക്ഷൻ, പള്ളിക്കര ഗ്രാമപഞ്ചായത്ത്. | ശ്രീദേവ്, മൊയോലം, പെരിയ-പി.ഒ, കാസറഗോഡ്-671316 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | LF/KSD.4/1011/08 തിയതി 29.08.2008 | 5 |
| 2001-02(പ്ലാൻ) | LF/KSD.4/1012/08 തിയതി 29.08.2008 | 3 |
| 2001-02(ഫൈനൽ) | LF/KSD.4/544/09 തിയതി 04.05.2009 | 2 |
| 2002-03 | LF/KSD.4/543/09 തിയതി 04.05.2010 | 8 |
| 2003-04 | LF/KSD.3/640/10 തിയതി 04.10.2011 | 2 |
| 2004-05 | LF/KSD.3/641/10 തിയതി 18.08.2011 | 5 |
| 2005-06 | LF/KSD.3/642/10 തിയതി 28.09.2011 | 4 |
| 2006-07 | LF/KSD.3/649/11തിയതി 13.12.2011 | 4 |
| 2007-08 | LF/KSD.3/687/11 തിയതി 13.12.2011 | 3 |
| 2008-09 & 2009-10 | LF/KSD.4/949/12 തിയതി 14.08.2013 | 14 |
| 2010-11 & 2011-12 | LF/KSD.6/734/13 തിയതി 05.06.2014 | 20 |
| 2012-13 & 2013-14 | LF/KSD.7/38/15 തിയതി 14-05-2015 | 9 |
| 2014-15 | KSA/KSD.7-272/2016, തി.15.03.2016 | 17 |
| 2015-16 | KSA/KSD.7-48/2017, തിയതി 19.01.2017 | 17 |
| 2016-17 | KSA/KSD.7-980/2017, തി.08.08.2017 | 21 |
| 2017-18 | KSA/KSD.7-688/2019 തി.20-06-2020 | 14 |
| 2018-19 | KSA/KSD.7-677/2020 തി. 04-12-2020 | 16 |
| 2019-20 | KSA/KSD.7-218/2022 തി. 23-03-2022 | 12 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Kuttikol Grama Panchayat
Receipt and Payment Report

For the period from 01-04-2020 to 31-03-2021

| Code | Head Account | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 41,364,100.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 920,320.00 |
| 140000000 | Fees & User Charges | RP-4 | 283,471.00 |
| 150000000 | Sale & Hire Charges | RP-5 | 466,022.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 71,964,015.00 |
| 171000000 | Interest Earned | RP-9 | 407,790.00 |
| 190000000 | Prior Period Income | RP-11 | 83,961.00 |
| 290000000 | Prior Period Item | RP-25 | 60.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14,247,355.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5,043,383.00 |
| 460000000 | Loans, Advances and Deposits | RP-49 | 7,000.00 |
| Non-Operating | | | |
| 180000000 | Other Income | RP-10 | 10,319.00 |
| 330000000 | Secured Loans | RP-31 | 3,580,000.00 |
| 340000000 | Deposits Received | RP-33 | 140,000.00 |
| 350000000 | Other Liabilities | RP-35 | 711,737.00 |
| | Total : | | 139,229,533.00 |
| Payments | | | |
| Operating | | | |
| 190000000 | Prior Period Income | RP-11 | 0.00 |
| 210000000 | Establishment Expenses | RP-12 | 1,701,353.00 |
| 220000000 | Administrative Expenses | RP-13 | 404,860.00 |
| 230000000 | Operations & Maintenance | RP-14 | 1,748,118.00 |
| 240000000 | Interest & Finance Charges | RP-15 | 459.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 12,505,906.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 24,646,141.00 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 18,670,824.00 |

| | | | |
|---|---|---|---|
| | | | |
| 254000000 | State Sponsored Schemes | RP-19 | 157,000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 530,000.00 |
| 290000000 | Prior Period Item | RP-25 | -70,251.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1,207,216.00 |
| 412000000 | Capital Work In Progress | RP-39 | 7,118,911.00 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 1,154,489.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 3,487,407.00 |
| 420000000 | Investments | RP-43 | 15,000,000.00 |
| 440000000 | Pre-paid Expenses | RP-47 | 600,000.00 |
| 460000000 | Loans, Advances and Deposits | RP-49 | 617,168.00 |
| Non-Operating | | | |
| 340000000 | Deposits Received | RP-33 | 26,000.00 |
| 350000000 | Other Liabilities | RP-35 | 30,675,162.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 19,048,770.00 |
| | Total : | | 139,229,533.00 |

## അനുബന്ധം-4

# ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Kuttikol Grama Panchayat Income & Expenditure Statement

For the period from 01-04-2020 to 31-03-2021

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 4,660,733.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 458,702.00 |
| 140000000 | Fees & User Charges | I-4 | 378,121.00 |
| 150000000 | Sales & Hire Charges | I-5 | 466,022.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 223,223,255.00 |
| 170000000 | Income from Investments | I-7 | 217,642.00 |
| 171000000 | Interest Earned | I-8 | 407,790.00 |
| 180000000 | Other Income | I-9 | 10,319.00 |
| A | Total - INCOME | | 229,822,584.00 |
| 210000000 | Establishment Expenses | I-10 | 9,467,839.00 |
| 220000000 | Administrative Expenses | I-11 | 1,073,771.00 |
| 230000000 | Operations & Maintenance | I-12 | 2,520,292.00 |
| 240000000 | Interest & Finance Charges | I-13 | 1,113.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 9,216,476.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 38,791,729.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 17,924,669.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 82,730,154.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 68,454,020.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 5,000.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 530,000.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 110,060.00 |
| 190000000 | Prior Period Income | I-19 | -2,619,322.00 |
| B | B - Total : EXPENDITURE | | 230,825,123.00 |
| C = A-B | Gross Surplus / (deficit) of income over | | -1,002,539.00 |

| | | | |
|---|---|---|---|
| | expenditure<br>before Prior Period Items. | | |
| 190000000 | Prior period Income | I-19-2,619,32 | 2.00 |
| 290000000 | Prior period Expenses | I-18-564,461 | .00 |
| DNet Differ | ence | I-19 - I-18-2, | 054,861.00 |

| | | |
|---|---|---|
| E | Gross Surplus / (deficit) of income over expenditure after Prior Period Items. | 1,052,322.00 |
| 290000000 | Transfer to Reverse Funds | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | |
| Remarks: | | |

## അനുബന്ധം-5
## ബാലൻസ് ഷീറ്റ്

Kuttikol Grama Panchayat

Balance Sheet Balance Sheet as on 31-03- 2021

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 310000000 | Panchayat (General) Fund | B-1 | 21,346,588.00 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 66,708,170.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 15,096,768.00 |
| 330000000 | Secured Loans | B-5 | 25,330,191.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 499,772.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 2,280,700.00 |
| 360000000 | Provisions | B-10 | 0.00 |
| | Total : | | 131,262,189.00 |
| 410000000 | Fixed Assets | B-11 | 476,973.00 |
| 412000000 | Capital Work-in-Progress | B-11(b) | 0.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 270,163.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8,162,600.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 97,037,765.00 |
| 416000000 | Accumulated Depreciation | B-11(a) | -43,886,396.00 |
| 420000000 | Investment -General Fund | B-12 | 17,743,755.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 6,453,604.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 25,210,191.00 |
| 450000000 | Cash and Bank Balance | B-17 | 19,048,770.00 |

| | | | |
|---|---|---|---|
| 460000000 | Loans, advances and deposits | B-18 | 744,764.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 131,262,189.00 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.